# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം റ്റി. 1587 10/02/2020-ൽ മറുപടിയ്ക്ക്

### തൃശ്ശൂർ ജില്ലയിലെ ലൈഫ് മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. രാജൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ; | എ) | ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ 11252 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത ജില്ലയിൽ ഈ പദ്ധതിയുടെ മൂന്നാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | ബി) | തൃശ്ശൂർ ജില്ലയിൽ ഭൂരഹിത ഭവനരഹിതരായി 8760 ഗുണഭോക്താക്കളാണ് അർഹരായിട്ടുള്ളത്. ഇതിൽ 192 പേർ സ്വന്തമായി ഭൂമി ആർജ്ജിച്ചും ഒരാൾക്ക് തദ്ദേശസ്വയംഭരണസ്ഥാനം ഭൂമി വാങ്ങി നൽകിയും ഭൂമിയുള്ള ഭവനരഹിതരായി മാറിയിട്ടുണ്ട്. ഇതിനു പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 477 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിന് പ്രോജക്റ്റ് വച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ ലൈഫ് മിഷൻ 140 അപ്പാർട്ടുമെൻറുകളടങ്ങിയ ഭവന സമുച്ചയത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ബാക്കിയുള്ള ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ഭവന സമുച്ചയ നിർമ്മാണത്തിന് സ്ഥലങ്ങൾ കണ്ടെത്തിവരുന്നു. |

സെക്ഷൻ ഓഫീസർ